**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 219** **28-02-2023 - ൽ മറുപടിയ്ക്ക്**

**എൻ ഊര് ഗോത്ര പൈതൃക ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി.സി. മുകുന്ദൻ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഗോത്ര പൈതൃകത്തിന്റെ ഭാഗമായുള്ള പരമ്പരാഗത അറിവുകളും ചികിത്സാരീതികളും അന്താരാഷ്ട്ര തലത്തിൽ പ്രചരിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. പരമ്പരാഗത ഉത്പന്നങ്ങൾ, പാരമ്പര്യ അറിവുകൾ പ്രയോജനപ്പെടുത്തിയിട്ടുള്ള ചികിത്സാരീതികൾ എന്നിവയ്ക്ക് ദേശീയ അന്തർദേശീയ തലത്തിൽ ഏറെ സ്വീകാര്യതയുണ്ട്. ഇത്തരം അറിവുകൾക്കും ഉൽപ്പന്നങ്ങൾക്കും അന്താരാഷ്ട്ര വിപണന സംവിധാനം ഒരുക്കേണ്ടതുണ്ട്. ഇതിനായി നൂതന വിപണന സാധ്യതകളായ ഓൺലൈൻ മാർക്കറ്റിംഗ് പ്ലാറ്റ്ഫോമുകളെ പ്രയോജനപ്പെടുത്തുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. അന്താരാഷ്ട്ര വിപണനം സാധ്യമാക്കുന്നതിനായി ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവ്, മികച്ച പാക്കിംഗ്, ഗുണനിലവാരം ഉറപ്പ് വരുത്തൽ മുതലായ മേഖലകളിൽ വിദഗ്ധരുടെ സേവനം ആവശ്യമാണ്. പൈതൃകമായുള്ള ചികിത്സാ വിധികളും ഫലപ്രാപ്തിയുള്ളതാണെന്നാണ് വിലയിരുത്തപ്പെടുന്നത്. ആയതിനാൽ പാരമ്പര്യ അറിവുകളെയും ചികിത്സാ വിധികളേയും അമൂല്യ സമ്പത്ത് എന്ന നിലയ്ക്കാണ് ഔഷധ ഗവേഷകർ നോക്കിക്കാണുന്നത്. |
| (ബി) | വിനോദസഞ്ചാര വികസനത്തിന് കൂടി ഇത്തരം അറിവുകൾ സഹായകമാകുന്ന തരത്തിൽ എൻ ഊര് ഗോത്ര പൈതൃക ഗ്രാമം പദ്ധതി വിനോദസഞ്ചാര വകുപ്പുമായി സഹകരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | ആദിവാസി പൈതൃക തനിമകളുടെ സംരക്ഷണവും അതുമൂലമുണ്ടാകുന്ന തൊഴിലവസരങ്ങൾ വഴി സുസ്ഥിര വികസനവും സാമ്പത്തിക സുരക്ഷയും ഉറപ്പാക്കുന്ന തരത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും വിനോദസഞ്ചാര വകുപ്പിന്റെയും സഹകരണത്തോട് കൂടി എൻ ഊര് പൈതൃക ഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പുല്ല് മേഞ്ഞ വീടുകൾ, പാരമ്പര്യ വിപണി, ഓപ്പൺ എയർ തീയേറ്റർ, ഫെസിലിറ്റേഷൻ സെന്റർ, പാരമ്പര്യ ഭക്ഷണശാല, എക്സിബിഷൻ ഹാൾ, പൈതൃക നടവഴി, പട്ടികവർഗ്ഗ വിഭാഗക്കാർ നിർമ്മിച്ച കരകൗശല വസ്തുക്കൾ, പച്ചമരുന്നുകൾ, മുള ഉൽപ്പന്നങ്ങൾ, പെയിന്റിങ്ങുകൾ |

| | | | |
|---|---|---|---|
| | | | എന്നിവയെല്ലാം പ്രധാന ആകർഷണങ്ങളാണ്. കരിന്തണ്ടന്റെ പ്രതിമ സ്ഥാപിക്കുന്നതിനും, പദ്ധതി പ്രദേശത്തെ അടിസ്ഥാന സൗകര്യ വികസനത്തിനുമായി ഉത്തരവാദിത്ത ടൂറിസം മിഷനുമായി സഹകരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയിലൂടെ ഗോത്രവിഭാഗങ്ങളുടെ പരമ്പരാഗത ഉല്പന്നങ്ങളുടെ ഉല്പാദനവും വിപണനവും മെച്ചപ്പെടുത്തുന്നതിനും അതിലൂടെ ഗോത്ര വിഭാഗങ്ങൾക്ക് സ്ഥിരം തൊഴിലും മെച്ചപ്പെട്ട വരുമാനവും ലഭിക്കുന്നതിനും അവസരം ലഭിക്കുമോ; വിശദമാക്കാമോ; | (സി) | പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പാരമ്പര്യ ഉല്പന്നങ്ങളുടെ ഉല്പാദനവും വിപണനവും ലക്ഷ്യമിട്ട് ആരംഭിച്ചിട്ടുള്ളതാണ് എൻ ഊര് പൈതൃക ഗ്രാമം. പരമ്പരാഗത ഉല്പന്നങ്ങളുടെ ഉല്പാദനത്തിനും വിപണനത്തിനുമായി നിലവിൽ 16 ഷോപ്പുകൾ പ്രവർത്തിച്ച് വരുന്നുണ്ട്. പാരമ്പര്യ വൈദ്യം, പരമ്പരാഗത കാർഷിക ഉൽപ്പന്നങ്ങൾ, വന വിഭവങ്ങൾ, പാരമ്പര്യ ഭക്ഷണങ്ങൾ, കരകൗശല വസ്തുക്കൾ എന്നിവയുടെ ഉൽപാദനവും വിപണനവും പദ്ധതിയുടെ ഭാഗമായി നടന്നു വരുന്നു. സ്ഥാപനത്തിൽ പ്രവർത്തിച്ചുവരുന്ന എക്സിബിഷൻ ഹാളിൽ ഏതൊരു പട്ടികവർഗ്ഗക്കാർക്കും തനത് ഉൽപ്പന്നങ്ങൾ ഇടനിലക്കാരില്ലാതെ വർഷം മുഴുവൻ വിപണനം ചെയ്യുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 80 പേർക്ക് സ്ഥിരമായ സ്വയം തൊഴിലും, 40 പേർക്ക് മറ്റു തൊഴിലുകളും, നിരവധി പട്ടികവർഗ്ഗക്കാർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കുന്നുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതി എല്ലാ ജില്ലകളിലും ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (ഡി) | പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ